
# ഗവ. യു.പി സ്കൂൾ വയക്കര

കൈതപ്രം പി.ഒ ഇരിക്കൂർ ഉപജില്ല

# Academic Master Plan

## 2025-2026



# ഗവൺമെന്റ് യു പി സികൂൾ വയക്കര

കണ്ണൂർജില്ലയിലെ ഇരിക്കൂർ ഉപജില്ലയിലുള്ള ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റിയിലെ 21-വാർഡിലാ ണ് ജി.യു.പി.സ്കൂൾ വയക്കര സ്ഥിതിചെയ്യുന്നത്. 1956 ൽ ഏകാധ്യാപക വിദ്യാലയമായാണ് വയക്കര ഗവ. യു.പി. സ്കൂൾ പ്രവർത്തനമാരംഭിച്ചത്. ചെങ്ങളായി സ്വദേശി കെ.എം. ചാത്തുക്കുട്ടി മാസ്റ്ററായിരുന്നു. ആദ്യ അധ്യാപകൻ. മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. നാട്ടുകാരുടെ നിർലോഭമായ സഹകരണത്തോടെ യാണ് വിദ്യാലയത്തിനുവേണ്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കിയത്. സൗജന്യമായി സ്ഥലം വി നൽകിയും കെട്ടിടങ്ങൾ നിർമ്മിച്ചും നല്ലവരായ നാട്ടുകാർ സ്കൂൾ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നു. 1980 ൽ സ്കൂൾ യു.പി. ആയി അപ്ഗ്രേഡ് ചെയ്തു. അക്കാലത്തും കെട്ടിടങ്ങൾ ഒരുക്കിയത് പി.ടി.എ.യും നാട്ടുകാരും ആയിരുന്നു.2007 ൽ സ്കൂളിന്റെ സുവർണജൂബിലി ആഘോഷിക്കുകയും വ്യത്യസ്തങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി. ഇതോടനുബന്ധിച്ച നടന്ന പരിപാടികൾ സ്കൂൾ പ്രവർത്തനങ്ങളെ ഊർജസ്വലമാക്കി. തുടർന്നുള്ള വർഷങ്ങളിലെല്ലാം തന്നെ കുട്ടികൾ സ്ഥിരമായി വർദ്ധിച്ചുവരുന്ന അപൂർവ്വ വിദ്യാലയങ്ങളിലന്നായി മാറുവാൻ നമുക്ക് സാധിച്ചു. ചൂളിയാട്, കാഞ്ഞിലേരി ,മലപ്പട്ടം , മൊളൂർ ,ബാലങ്കരിഎന്നിവയാണ് ഫീഡിങ് ഏരിയ .  നിലവിൽ 267 കുട്ടികൾ പഠിക്കുന്ന , ഇരിക്കൂർ ഉപജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ ഉള്ള സർക്കാർ പ്രൈമറി വിദ്യാലയമാണ്  ജി.യു.പി.സ്കൂൾ വയക്കര. 2025-26 അധ്യനവർഷത്തിൽ വിവിദ അക്കാദമിക് മേഖലകളിൽ സ്കൂളിൽ സമയബന്ധിതമായി നടപ്പിലാക്കാന ഉദ്ദേശിക്കുന്ന വിവിധ പരിപാടികള ുടെ വിശദാംശങ്ങളാണ്  ഈ അക്കാദമിക് പ്ലാനിൽ ഉൾപ്പെ ുത്തിയിരിക്കുന്നത്.

## കുട്ടികളുടെ എണ്ണം 2025-26

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | റിമാർക്ക്സ് |
|---|---|---|---|---|
| പ്രീപ്രൈമറി | | | | |
| I | 12 | 7 | 19 | |
| II | 13 | 13 | 26 | |
| III | 17 | 15 | 32 | |
| IV | 9 | 12 | 21 | |
| V | 25 | 27 | 52 | |
| VI | 30 | 28 | 58 | |
| VII | 28 | 31 | 59 | |
| ആകെ | 134 | 133 | 267 | |

# സ്റ്റാഫ് വിവരങ്ങൾ

| Sl No | Name | Designation |
|---|---|---|
| 1 | PUSHPA T | HEADMISTRESS |
| 2 | RAMSEENA T P | U.P.S.T |
| 3 | DIVYA LAKSHMI P | U.P.S.T |
| 4 | LIJINA P P | U.P.S.T |
| 5 | RAJASREE V V | U.P.S.T |
| 6 | PRIYA K K | U.P.S.T |
| 7 | JIJIMOL P P | Junior Language Teacher (Sanskrit) (Part Time) |
| 8 | PRAMEELA K | L.P.S.T |
| 9 | SIVAPRASAD K P | L.P.S.T |
| 10 | VIDHYA A V | L.P.S.T |
| 11 | ANITHA KOYADAN KELOTH | L.P.S.T |
| 12 | SURESHBABU E P | L.P.S.T |
| 13 | SIMI C P | L.P.S.T |
| 14 | SREEHARI T V | Office Attendant |

### വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ്.ആർ.ജി<br>സബ്ജക്ട് കൗൺസിൽ | രണ്ടാഴ്ച കൂടുമ്പോൾ ചേരുന്നു. അക്കാദമിക് പ്രവർത്തനങ്ങൾ വില യിരുത്തുന്നു. |
| സ്റ്റാഫ് കൗൺസിൽ | രണ്ടാഴ്ച കൂടുമ്പോൾ ചേരുന്നു. |
| എസ്.എം.സി<br>എം.പി.ടി.എ | മാസത്തിൽ ഒന്നു വീതം കൃത്യമായി ചേരുന്നു.<br>മാസത്തിൽ ഒന്നു വീതം കൃത്യമായി ചേരുന്നു. |
| സ്കൂൾ വികസന സമിതി<br>ജാഗ്രതാ സമിതി | യോഗം ചേരുകയും വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | സയൻസ് ക്ലബ്ബ് ,ഗണിത ക്ലബ്ബ്, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, പരിസ്ഥിതി, വിദ്യാരംഗം, സ ുരക്ഷ ക്ലബ്ബ് , സ്കൂൾ ഹരിത കർമ്മസേന , ശുചിത്വ ക്ലബ്ബ് എന്നിവ സജീവമാണ്. |
| ലാബ് പ്രവർത്തനങ്ങൾ<br>സൻസ് ലാബ്<br><br>കമ്പ്യൂട്ടർ ലാബ്<br><br><br>സാമൂഹ്യ ശാസ്ത്ര ലാബ്<br>ഗണിത ലാബ് | <br>ഉണ്ട്, കുട്ടികളുടെ പഠനത്തിനായി , പരിശീലനത്തിനായി ഉപയോഗിക്കുന്നു.<br><br>ഉണ്ട്, കുട്ടികളുടെ പഠനത്തിനായി , പരിശീലനത്തിനായി ഉപയോഗിക്കുന്നു. കമ്പ്യൂട്ടറ ുകളുടെ എണ്ണം കുറവാണ്.<br><br>പ്രത്യേക സൗകര്യം ഇല്ല. സൻസ് ലാബ് സൗകര്യം പ്രയോജനപ്പെടുത്തു ന്നു. |
| ലൈബ്രറി | കേന്ദ്രീകൃത ലൈബ്രറി സൗകര്യം ഇല്ല. ക്ലാസ്ലൈബ്രറി സൗകര്യം എല്ലാ ക്ലാസിലും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ വായനയ്ക്കായി അക്ഷരപ്പുര വായനശാല ക്രമീകരിച്ചിട്ടുണ്ട്. |
| ക്രിയേറ്റിവ് കോർണർ | കുട്ടികളുടെ തൊഴിൽപരമായ നൈപുണികൾ വളർത്തുന്നതിനും പരിശീലനം നൽകുന്നതിനും പ്രത്യക സൗകര്യം നൽകിയിരിക്കുന്നു. |

# പ്രവർത്തന കലർ

## 2025 ഏപ്രിൽ- 2026 മാർച്ച്

| പ്രവർത്തനം | മേഖല | കാലയളവ് |
|---|---|---|
| 1. ഗൃഹ സന്ദർശനം | സാമൂഹികം | ഏപ്രിൽ-മെയ് |
| 2. പ്രി-ടെസ്റ്റ് | അക്കാദമികം | ജൂൺ |
| 3. മൊഡ്യൂൾ തയ്യാറാക്കൽ | അക്കാദമികം | ജൂൺ |
| 4. പൂന്തോട്ടനിർമാണം | ഭൗതികം | ജൂൺ |
| 5. ക്ലാസ് ലൈബ്രറി ശാക്തീകരണം | അക്കാദമികം | ജൂൺ |
| 6. ബുള്ളറ്റിൻ തയ്യാറാക്കൽ വിഷയം- മൺസൂൺ | അക്കാദമികം | ജൂൺ |
| 7. വായനാദിനാചരണം | അക്കാദമികം | ജൂൺ |
| 8. പുസ്തക പ്രദർശനം- ഇംഗ്ലീഷ്, മലയാളം | അക്കാദമികം | ജൂൺ |
| 9. ദിനാചരണ ക്വിസ് | അക്കാദമികം | ജൂൺ -ഫെബ്രുവരി |
| 10. പി ടി എ ജനറൽബോഡി | സാമൂഹികം | ജൂലായ് |
| 11. ക്ലാസ് പി ടി എ | അക്കാദമികം | ജൂൺ- മാർച്ച് |
| 12. പ്രാദേശിക പി ടി എ | സാമൂഹികം | ആഗസ്ത് , ഡിസംബർ, മാർച്ച് |
| 13. വിവര സാങ്കേതിക വിദ്യ- കളിപ്പെട്ടി | അക്കാദമികം | ജൂലായ്- മാർച്ച് |
| 14. പ്രത്യേക പരിശീലനം – ഇംഗ്ലീഷ്, ഹിന്ദി, ഡ്രോയിംഗ്, സംഗീതം, നൃത്തം, യോഗ | അക്കാദമികം | ജൂൺ- മാർച്ച് |

| | | |
|---|---|---|
| 15. പ്രകൃതി നടത്തം- ശാസ്ത്രാഭി രുചി വളർത്തൽ | അക്കാദമികം | ജൂൺ- മാർച്ച് |
| 16. മധുരം മലയാളം | അക്കാദമികം | ജൂൺ- ജനുവരി |
| 17. 'ചന്ദ്രനെത്തേടി' (ചാന്ദ്രദിനം)- പഠനക്ലാസ്, ചിത്ര-വിഡിയോ പ്രദർശനം | അക്കാദമികം | ജൂലായ് |
| 18. ഭാഷാ ക്ലബ്ബുകളുടെ രൂപീകരണം | അക്കാദമികം | ജൂലായ് |
| 19. ഇംഗ്ലീഷ് ബുള്ളറ്റിൻ (Population) | അക്കാദമികം | ജൂലായ് |
| 20. ബഷീർ- short film പ്രദർശനം | അക്കാദമികം | ജൂലായ് |
| 21. പതിപ്പ് തയ്യാറാക്കൽ | അക്കാദമികം | ജൂലായ് |
| 22. കലാകാരൻമാരുമായുള്ള അഭിമുഖം | അക്കാദമികം | ആഗസ്ത് |
| 23. പതിപ്പ് തയ്യാറാക്കൽ- ഓണം | അക്കാദമികം | ആഗസ്ത് |
| 24. സ്വാതന്ത്ര്യദിനം- സി ഡി പ്രദർശനം | അക്കാദമികം | ആഗസ്ത് |
| 25. പ്രസംഗമത്സരം | അക്കാദമികം | ആഗസ്ത് |
| 26. ഓണാഘോഷം | സാമൂഹികം | ആഗസ്ത് / സെപ്തംബർ |
| 27. 'സഹപാഠിക്ക് ഒരു കൈത്തെങ്ങ് ' ( ഓണക്കോടി) | സാമൂഹികം | ആഗസ്ത് – സെപ്തംബർ |
| 28. വിവിധ മേളകളുടെ പരിശീലനം | അക്കാദമികം | ആഗസ്ത് – ജനുവരി |
| 29. English drama competition | അക്കാദമികം | സെപ്തംബർ |
| 30. കുട്ടികളുടെ ആകാശവാണി | അക്കാദമികം | സെപ്തംബർ |
| 31. പച്ചക്കറിത്തോട്ട നിർമാണം | ഭൗതികം | സെപ്തംബർ |
| 32. കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ | അക്കാദമികം | സെപ്തംബർ |

| | | |
|---|---|---|
| 33. English short stories – Audio clips | അക്കാദമികം | ഒക്ടോബർ |
| 34. ഗാന്ധിജയന്തി - ഡോക്യുമെന്ററി-ചിത്ര പ്രദർശനം | അക്കാദമികം | ഒക്ടോബർ |
| 35. ഗണിത ശിൽപശാല | അക്കാദമികം | ഒക്ടോബർ |
| 36. മലയാളഭാഷാ വിദഗ്ധരുമായുള്ള അഭിമുഖം | അക്കാദമികം | നവംബർ |
| 37. ശിശുദിന ക്ലാസ്- ഡോക്യുമെന്ററി പ്രദർശനം | അക്കാദമികം | നവംബർ |
| 38. കൈയെഴുത്തു മാസിക | അക്കാദമികം | നവംബർ |
| 39. കുട്ടികളുടെ ചിത്രരചനകളുടെ പ്രദർശനം | അക്കാദമികം | നവംബർ |
| 40. സഹവാസക്യാമ്പ് | സാമൂഹികം | ഡിസംബർ |
| 41. പതിപ്പ് തയ്യാറാക്കൽ- (ക്രിസ്തുമസ്) | അക്കാദമികം | ഡിസംബർ |
| 42. കാർഡ് തയ്യാറാക്കൽ | അക്കാദമികം | ഡിസംബർ |
| 43. ക്രിസ്തുമസ് ആഘോഷം | സാമൂഹികം | ഡിസംബർ |
| 44. പഠന യാത്ര | അക്കാദമികം | ജനുവരി |
| 45. മത്സരപരീക്ഷാ പരിശീലനം | അക്കാദമികം | ജനുവരി-ഫെബ്രുവരി |
| 46. ഇംഗ്ലീഷ് ഫെസ്റ്റ് | അക്കാദമികം | മാർച്ച് |
| 47. English Magazine | അക്കാദമികം | മാർച്ച് |
| 48. Annual day | സാമൂഹികം | മാർച്ച് |

അക്കാദമിക മാസ്റ്റർപ്ലാൻ ക്ലാസ് : രണ്ട് വിഷയം : മലയാളം

വയക്കര ഗവൺമെൻറ് യുപി സ്കൂളിൽ 2018 26 കുട്ടികൾ പഠിക്കുന്ന ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട് .ഇതിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട് .കുട്ടികളിൽ ഭാഷാവികാസം ,വൈജ്ഞാനിക മേഖല ,സർഗാത്മക മേഖല ,വൈകാരിക മേഖല എന്നീ മേഖലകളിൽ, കുട്ടികളുടെ ശേഷികൾ പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഗണിത പഠനം കുട്ടികൾക്ക് ഏറെ രസകരവും ആസ്വാദ്യകരവും ആയിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് ഉല്ലാസഗണിതം പദ്ധതി മുന്നോട്ടുവെച്ചത് .കുട്ടികൾക്ക് ഓരോ ഗണിതായങ്ങളും ഉൾക്കൊണ്ടുതന്നെ പഠനം നേട്ടം കൈവരിക്കേണ്ടതുണ്ട് .ഒരോ ഗണിത പ്രവർത്തനങ്ങളും കുട്ടികളുടെ താല്പര്യത്തോടെ ഏറ്റെടുക്കേണ്ടതാണ്.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞു എഴുതിയും അവതരിപ്പിക്കുന്നത് ശേഷി കൈവരിക്കുന്നത് | പ്രീ ടെസ്റ്റ്<br>ക്ലാസ് പി ടി എ<br>വായന കാർഡ് നിർമ്മാണം | ജൂൺ | ക്ലാസ് ടീച്ചർ , രക്ഷിതാക്കൾ | |
| 2 | എല്ലാ കുട്ടികളിലും ആശയ ഗ്രഹണ വായന സാധ്യമാക്കൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ | ജൂലൈ | ക്ലാസ് ടീച്ചർ , രക്ഷിതാക്കൾ | |
| 3 | എല്ലാ കുട്ടികൾക്കും തെറ്റില്ലാതെ ക്ലാസ് നിലവാരം ഉള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കൽ. | ചിത്രവിവരണം വായന വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ | ആഗസ്റ്റ് | ക്ലാസ് ടീച്ചർ , | |
| 4 | ചിത്രങ്ങളെ അടിസ്ഥാനമാക്കി സംഭാഷണം ,വിവരണം ,കഥ എന്നിവ തയ്യാറാക്കൽ | വായന സമഗ്രികൾ വായിച്ച് ചോദ്യങ്ങൾ നിർമ്മിക്കൽ വായിച്ച കഥ ചിത്രങ്ങൾ ആക്കൽ<br>കേട്ടതോ വായിച്ചതോ ആയ സംഭാഷണം കഥ എന്നിവ വാചകമായി അവതരിപ്പിക്കൽ | സെപ്റ്റംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ , | |
| 5 | ചിത്രങ്ങളെ അടിസ്ഥാനമാക്കി സംഭാഷണം ,വിവരണം ,കഥ എന്നിവ തയ്യാറാക്കൽ | മാഗസിൻ തയ്യാറാക്കൽ | നവംബർ,<br>ഡിസംബർ | ക്ലാസ് ടീച്ചർ , | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 6 | വിവരണങ്ങൾ എഴുതാനും കവിത പൂരണം നടത്താനും സാധിക്കുക | കവിതാപൂരണം | ജനുവരി | ക്ലാസ് ടീച്ചർ , | |
| 7 | ഭാഷണം ,ലേഖനം എന്നിവയിൽ കഴിവ് നേടി എന്ന് ഉറപ്പാക്കുക വായന പ്രോത്സാഹിപ്പിക്കുക. | വീട്ടു വായന ശക്തമാക്കൽ | ഫെബ്രുവരി<br>മാർച്ച | ക്ലാസ് ടീച്ചർ | |

അക്കാദമിക മാസ്റ്റർപ്ലാൻ ക്ലാസ് : രണ്ട് വിഷയം : ഗണിതം

ഗണിത പഠനം കുട്ടികൾക്ക് ഏറെ രസകരവും ആസ്വാദ്യകരവും ആയിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് ഉല്ലാസഗണിതം പദ്ധതി മുന്നോട്ടുവെച്ചത് .കുട്ടികൾക്ക് ഓരോ ഗണിതാശയങ്ങളും ഉൾക്കൊണ്ടുതന്നെ പഠനം നേട്ടം കൈവരിക്കേണ്ടതുണ്ട് .ഒരോ ഗണിത പ്രവർത്തനങ്ങളും കുട്ടികളുടെ താല്പര്യത്തോടെ ഏറ്റെടുക്കേണ്ടതാണ്.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഗണിത പഠനത്തിൽ നിലവിലെ അവസ്ഥ മനസ്സിലാക്കുക | പ്രീ ടെസ്റ്റ് | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ | |
| 2 | നൂറു വരെയുള്ള സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നീ ശേഷി ഉറപ്പാക്കൽ | പാറ്റേൺ പൂർത്തിയാക്കൽ,<br>ഗണിതക്കിറ്റ് പ്രവർത്തനങ്ങൾ | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |
| 3 | സംഖ്യാബോധം, ക്രിയാശേഷികൾ എന്നീ ഗണിതാശയങ്ങൾ ഉറപ്പിക്കൽ, നൂറിൽ താഴെയുള്ള സംഖ്യകളുടെ ക്രമമായ എണ്ണൽ | ക്ലാസിലൊരു കട | ആഗസ്റ്റ്<br>സെപ്തംബർ<br>നവംബർ | ക്ലാസ് ടീച്ചർ | |
| 4 | സ്ഥാനവില തിരിച്ചറിയൽ | കളിനോട്ട് തയ്യാറാക്കൽ | നവംബർ | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 5 | സംഖ്യാവ്യാഖ്യാനം ,രണ്ടക്ക സംഖ്യകളുടെ തുക വ്യത്യസ്ത രീതിയിൽ കണ്ടെത്തൽ | അബാക്കസ് നിർമ്മാണം | ഡിസംബർ | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ | |
| 6 | പ്രശ്നം നിർധാരണം ചെയ്യൽ, തുക കണ്ടെത്തിയ രീതികൾ കണ്ടെത്തൽ | വിലവിവരപ്പട്ടിക തയ്യാറാക്കൽ | ജനുവരി | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ | |
| 7 | ഗണിതശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യൽ | കലണ്ടർ പതിപ്പ് തയ്യാറാക്കൽ | മാർച്ച് | ക്ലാസ് ടീച്ചർ | |

## Accademic MasterPlan English. Std. II

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | To speak, Read and write English Without any mistakes. | Pre test | June first week | Class teacher | |
| 2 | To develop listening skills and reading | Hello<br>English activities | July | Class teacher | |
| 3 | Speaking Skills devoloping | Picture Activities | August | Class teacher | |
| 4 | To develop Reading Skills | Go to the Library | September | Class teacher | |
| 5 | To develop Writing skills. | Making word web, Picture description, word chain, Sentence chain, Making riddles, Conversations, Add more lines, developing stories, | October - March | Class teacher<br>Parents | |

അക്കാദമിക മാസ്റ്റർപ്ലാൻ ക്ലാസ് 3 വിഷയം : മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | മലയാളം തെറ്റ് കൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുന്നു | ക്ലാസ് ലൈബ്രറി ശാക്തീകരണം,<br><br>അമ്മ വായന വായന കാർഡ് നിർമ്മാണം | അധ്യയനവർഷം ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ | |
| 2 | ലേഖനം വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുന്നു | പോസ്റ്റർ രചന മത്സരം വിവിധ രചന മത്സരങ്ങൾ | അധ്യയനവർഷം | ക്ലാസ് ടീച്ചർ | |
| 3 | സംഘാത്മക പ്രകടനത്തിൽ മികവ് കൈവരിക്കുന്നു. | പ്രസംഗമത്സരം, കുറിപ്പ് തയ്യാറാക്കൽ, വ്യവഹാര രൂപങ്ങളുടെ അവതരണം | നവംബർ | ക്ലാസ് ടീച്ചർ | |
| 4 | കുട്ടികളുടെ ക്ലാസ് തല മികവ് അവതരിപ്പിക്കുന്നതിന് ശേഷി നേടുന്നു. | പഠനോത്സവം കുട്ടികളുടെ മികവ് അവതരണം | മാർച്ച് | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ | |

അക്കാദമിക മാസ്റ്റർപ്ലാൻ ക്ലാസ് 3 വിഷയം : ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അവസ്ഥാപഠനം | പ്രീടെസ്റ്റ് | ജൂൺ | ക്ലാസ് ടീച്ചർ | |
| 2 | ചതുരം ,വൃത്തം ,ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു | രൂപങ്ങൾ നിർമ്മിക്കാം | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ | |
| 3 | 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | കളിനോട്ട് കളി, പാറ്റേൺ നിർമ്മാണം | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 4 | സംഖ്യാ വ്യാഖ്യാനിക്കുന്നതിന് കുട്ടികളെ പ്രാപ്തമാക്കുക<br>ഗുണന വസ്തുക്കൾ നേടുന്നതിന് പ്രാപ്തരാക്കുന്നു | മനക്കണക്ക്<br>മഞ്ചാടിക്കളി | സെപ്റ്റംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ | |
| 5 | ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടുന്നു അപഗ്രഥിച്ച് നിഗമനത്തിൽ എത്തുന്നു | കളിപ്പെട്ടി ഐ സി ടി | ഫെബ്രുവരി ,മാർച്ച് | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ | |

അക്കാദമിക മാസ്റ്റർപ്ലാൻ ക്ലാസ് 3 വിഷയം : ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അവസ്ഥാപഠനം | പ്രീടെസ്റ്റ് | ജൂൺ | ക്ലാസ് ടീച്ചർ | |
| 2 | പരിസ്ഥിതിയെക്കുറിച്ച് കുട്ടികളിൽ ബോധം വളർത്തുന്നതിന് | ജൈവവൈവിധ്യ ഉധ്യാനം നിർമ്മാണം | അധ്യയനവർഷം | ക്ലാസ് ടീച്ചർ | |
| 3 | പ്രകൃതിസംരക്ഷണത്തെക്കുറിച്ച് കുട്ടികളിലെ അവബോധം ഉണ്ടാക്കുന്നതിന് | സ്കൂൾ ഹരിതകർമ്മസേന | അധ്യയനവർഷം | ക്ലാസ് ടീച്ചർ,<br>ഹരിതകർമ്മസേന<br>രക്ഷിതാക്കൾ | |
| 4 | വ്യക്തി ശുചിത്വം പാലിക്കുന്നതിന് | കൈകഴുകൽ പരിശീലനം ,ശുചിത്വസന്ദേശ ങ്ങൾ വിദ്യാലയ പരിരത്ത് സ്ഥാപിക്കുന്നതിന് | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ | |
| 5 | ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് | ശാസ്ത്രം മൂല<br>ക്ലാസ് മുറികളിൽ ശാസ്ത്ര മൂലകളിൽ വിവിധതരം പരീക്ഷണ പ്രവർത്തനങ്ങൾ എല്ലാ ദിവസവും സംഘടിപ്പിക്കുക.പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുക | അധ്യയനവർഷം | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ | |

ACADEMIC MASTERPLAN STD III ENGLISH

| ക്രമ നമ്പർ | Aim | Activities | Duration | Responsibility | |
|---|---|---|---|---|---|
| 1 | | Pretest | June | Class Teacher | |
| 2 | To study alphabets<br>To study-waite and read Simple words | Circle the word from T.B and read many times | June-September | Class Teacher | |
| 3 | Create more opportunities for English speaking in outside<br>To develop waiting Skill in Classroom | **English World**<br>In classroom Communication Should be in Enghes. In English Class Pupils and teacher talk only in English | Academic Year | Class teacher, Parents | |
| 4 | Create more opportunities for English speaking in outside | English assembly, English book reading ,skit, role play etc | July- Feb | Class teacher, Parents | |
| 5 | To develop waiting Skill | Picture description,<br>Interact pupils in Classroom by writing Simple stories by showing Pictures etc | Aug Feb | | |

STD: 4

# ENGLISH

| LEARNIGOUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| • Describes the pictures | Picture Description. | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | June to august |
| • Arranges word in alphabetical order | Dictionary. | • Introducing the dictionary.<br>• Gives words.<br>• Arranging words in alphabetical order | July to march |
| • "Adds more exchanges to the Conversation suitable to the context" | Conversation | • Reading the conversation.<br>• Conversation is acting with friends.<br>• Adds more exchanges to the Conversation.<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | July to march |
| • Identifies rhyming words from the poem | Rhyming words. | • Plays the audio of song.<br>• Let the learner sing after the audio.<br>• Discussion.<br>• Identifies rhyming words. | July to September |

| | | | |
|---|---|---|---|
| • Adds lines to a poem following a set pattern. | Add more lines. | • Plays the audio of song.<br>• Let the learner sing after the audio.<br>• Adds lines to the poem | July to December |
| • Reads and understands the given stories and poems | Let'sread. | • Provides the opportunity to read simple stories and poems.<br>• They tell the story they read. | December to march |
| • Makes simple riddles | Riddles. | • Gives children the opportunity to hear and answer simple riddles.<br>• Makes simple riddles<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | August to march |
| • Undertakes simple project work given | Projectworks. | • Gives instructions.<br>• Data collection.<br>• Codifying. | October to march |

# പരിസര പഠനം

## ക്ലാസ്സ് - 4

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| പരിസ്ഥിതി സൌഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ❖ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>❖ പ്രത്യേകതകൾ മനസ്സിലാക്കാം<br>❖ വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>❖ ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>❖ നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം.<br>❖ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>❖ തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ - ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | ❖ സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>❖ വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ - മാർച്ച് |
| | ഒരു തൈ നടാം | ❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ<br>❖ നട്ട വൃക്ഷ തൈ പരിപാലിക്കൽ | ജൂൺ - മാർച്ച് |
| | പോസ്റ്റർ നിർമാണം | ❖ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>❖ പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | ❖ പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് –മെയ് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും. | ദിനകൃത്യങ്ങൾ | ❖ ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>❖ കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നല്കുന്നു. | ജൂൺ - മാർച്ച് |
| | നംബർ വൺ | ❖ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>❖ വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നല്കുന്നു. | ജൂലൈ – മാർച്ച് |

| | | | |
|---|---|---|---|
| | പരിസര നടത്തം | ❖ നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.<br>❖ മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>❖ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| | നല്ല ശീലം | ❖ പോസ്റ്ററുകൾ തയ്യാറാക്കാം<br>❖ പരിസങ്ങളിൽ പതിക്കാം | ജൂലൈ – മാർച്ച് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | ❖ നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>(കുളം, വയൽ, കാട്, etc ) | ജനവരി – മാർച്ച് |
| | പരീക്ഷണങ്ങൾ | ❖ ശാസ്ത്ര കൌതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| | ശാസ്ത്രജ്ഞനോടൊപ്പം | ❖ ക്യാമ്പ്<br>❖ മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ - ഫെബ്രുവരി |
| | പക്ഷി നിരീക്ഷണം | ❖ ക്യാമ്പ്<br>❖ പക്ഷി നിരീക്ഷണത്തിന് അവസരം | ജനവരി – മാർച്ച് |

# ക്ലാസ്സ് - 4

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം<br>(1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.) | നറുക്കെടുക്കാം | ❖ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നല്കുന്നു<br>❖ കിട്ടിയ സംഖ്യ വായിക്കാം<br>❖ മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | ❖ സംഖ്യ നറുക്ക് എടുക്കുന്നു.<br>❖ കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | ❖ വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ-സെപ്റ്റംബർ |
| | ക്രമത്തിലാക്കാം | ❖ വ്യത്യസ്ത സംഖ്യകൾ നല്കുന്നു.<br>❖ ആരോഹണക്രമം, അവരോഹണക്രമം എഴുതാം. | ജൂൺ - ഓഗസ്റ്റ് |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | ❖ ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>❖ കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ |
| | സംഖ്യാസൂര്യൻ | ❖ ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>❖ ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| | ക്രമീകരിക്കാം | ❖ സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>❖ അറവിന് ഗ്രൂപ്പ് കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം. | ജൂൺ - സെപ്റ്റംബർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസ്സിൽ ഒരു കട / കച്ചവട കണക്ക് | ❖ കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ,വെള്ളം, അരി etc ചേർത്ത് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>❖ ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>❖ ആവശ്യമുള്ളവ അളന്നെടുക്കുന്നു. | |

| | | | |
|---|---|---|---|
| | | ❖ കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു.<br>❖ കടക്കാരനും, കസ്റ്റമറും കുട്ടികൾ തന്നെ.<br>❖ സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>❖ ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>❖ പ്രയാസങ്ങൾ ഗ്രൂപ്പിൽ/അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| | സമയ ചക്രം | ❖ ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയ ചക്രം തയ്യാറാക്കുന്നു. (am &pm )<br>❖ സമയവുമായി ബന്ധപ്പെട്ട പ്രയോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു. | ജൂലൈ |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യ ചക്രം | ❖ സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>❖ അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ജൂലൈ – മാർച്ച് |
| | ഭാഗ്യവാനെ കണ്ടെത്താം | ❖ അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>❖ വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>❖ ക്രിയ ചെയ്യാം.<br>❖ ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ – ഫെബ്രുവരി |
| | ജോഡി കണ്ടെത്താം | ❖ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>❖ കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>❖ കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി, ആ കളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് – ഫെബ്രുവരി |

# യുപി മലയാളം

| | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തീകം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾനിർമ്മിക്കുക<br>• ചിത്രം അടിക്കുറിപ്പ്<br>• ചിത്രം കഥപറയൽ<br>• ചിത്രം കഥഎഴുതൽ<br>• ഐ.സി.ടി ചിത്രം കാണിച്ച് വാക്യങ്ങൾ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകംക്ലാസ്. | ഒരു വർഷം<br>ദീർഘകാലം<br>ദീർഘകാലം<br>ഒക്ടോബർ–മാർച്ച്<br>ഡിസംബർ –മാർച്ച്<br>ഡിസംബർ<br>ജൂലായ്–ജനുവരി<br>ജൂലായ് | അധ്യാപകർ<br>പി.ടി.എ | 5000 |
| കുട്ടികളെ മികച്ച വായനക്കാരാക്കജെശ | • ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>• വായനാമൂല ക്ലാസ് ലൈബ്രറി രൂപീകരണം<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• വായനോൽസവം<br>• പത്രവായന<br>• പത്രക്വിസ് ദിവസേന<br>• അമ്മവായന<br>• പുസ്തകചർച്ച<br>• വായനാ കുറിപ്പ്<br>• വായനാനുഭവം പങ്കുവെക്കൽ<br>• വായനാകുറിപ്പ് പതിപ്പ്<br>• ബാലസഭയിൽ അവതരണം<br>• ദിനാചരണങ്ങൾ<br>• കുട്ടികളുടെ ആകാശവാണി | ജൂൺ – സെപ്തം. –ജനുവരി<br>ജലായ്<br>ജൂൺ<br>ജൂൺ<br>ഒരുവർഷം ദിവസവും<br>ആഴ്ചയിലൊരിക്കൽ<br>മാസത്തിൽ<br>മാസത്തിൽ | അധ്യാപകർ<br>പി.ടി.എ<br>ക്ലബ്ബുകൾ | 5000 |

| | | | | |
|---|---|---|---|---|
| രക്ഷിതാക്കളിലൂടെ കുട്ടികളെ മികച്ച വായനക്കാരാക്കുക | • ഇൻലന്റ് മാഗസിൻ തയ്യാറാക്കൽ<br>• കൈയ്യെഴുത്ത് മാസിക<br>• പൊതുവേദികളിൽസംസാരിക്കാനുള്ളകഴിവ്വളർത്താൻ–പ്രവർത്തനങ്ങൾ<br>• പരസ്പരം സംഭാഷണം<br>• വ്യക്തിത്വ വികസന ക്യാമ്പ്<br>• ഭാഷാ അസംബ്ലി<br>• ഭാഷാ സെമിനാറുകൾ<br>• കവിസദസ്സ്<br>• സംവാദങ്ങൾ<br>• പ്രസംഗ മൽസരം<br>• മാതൃജ്യോതി ക്വിസ്<br>• അമ്മയും കുട്ടിയും ക്വിസ്<br>• ദിനാചരണങ്ങൾ<br>പത്രക്വിസ്<br>• സാഹിത്യകാരന്മാരുമായുള്ള അഭിമുഖം–അനുഭവം പങ്കുവെക്കൽ | മാസത്തിലൊരിക്കൽ<br>രുമാസത്തിലൊരിക്കൽ<br>ഒരു ടേമിൽ ഒന്ന്<br>ആഴ്ചയിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>ആഴ്ചയിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>3 മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>രു മാസത്തിലൊരിക്കൽ | | 10000 |

# ഗണിതം

## ആമുഖം

ജീവിതവിജയം നേടുന്നതിന് ഗണിതശേഷികൾ നേടേത് അത്യാവശ്യമാണ്.നിത്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഗണിതവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടുകിടക്കുന്നു. പ്രാധമിക ഗണിതശേഷികൾ ജീവിതത്തിന്റെ ഭാഗം തന്നെയാണ്. ഓരോ ഘട്ടത്തിലും നേടേ പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പുവരുത്തുകയാണെങ്കിൽ ഗണിതത്തിൽ നിന്ന് കുട്ടികൾ അകലുന്നത് ഒഴിവാക്കാൻ കഴിയും .രസകരമായ അധികപ്രവർത്തനങ്ങൾ കുട്ടികൾക്ക് ലഭിക്കേതു്. അടിസ്ഥാന വസ്തുതകളൾ മനസ്സിലാക്കി ഗണിതത്തിന്റെ മനോഹാരിതകുട്ടികളിൽ എത്തേണ്ടതുണ്ട്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തോട് താൽപര്യമുാക്കൽ | മുന്നറിവ് കളികളിലൂടെ പരിശോധിക്കുന്നു. പഠനനേട്ടം ഉറപ്പിക്കാനാവശ്യമായ കളികൾ ലിസ്റ്റ് ചെയ്യുന്നു. ഒിവിധ കളികളിൽ ഏർപ്പെടുന്നു. | ജൂൺ ആദ്യ ആഴ്ച | എസ്.ആർ.ജി , പി.ടി.എ | |
| പഠനസാമഗ്രികളുടെ ശേഖരണം നിർമ്മാണം | ഓരോ കുട്ടിക്കും ഓരോ ഗണിത കിറ്റ് , ഗണിത ആൽബം | ദീർഘകാലം ജൂൺ– മാർച്ച് | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 30000 |
| പഠനോപകരണങ്ങളുടെ സഹായത്തോടെ അനുഭവങ്ങൾ കൈവരിക്കൽ | ഗണിതമൂലയും ഗണിത കിറ്റും ഉപയോഗിച്ച് പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ദീർഘകാലം ജൂൺ– മാർച്ച് | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 20000 |
| ഗണിത പഠനശേഷി വികസിപ്പിക്കൽ | ഗണിത ലൈബ്രറി , ഗണിത നിഘു. | ദീർഘകാലം ജൂൺ– മാർച്ച് | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 20000 |

| | | | | |
|---|---|---|---|---|
| ഗണിതം ലളിതവും രസകരവുമാക്കുന്നു. | വിദ്യാലയം ഗണി തവൽക്കുന്നു. ഗണിതോൽസവം, ഗണിതമേള, ഗണിതക്യാമ്പുകൾ | ജൂലായ് ആഗസ്ത് ഒക്ടോബർ ഡിസംബർ | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 30000 |
| എല്ലാകുട്ടികളേയും സംഖ്യാബോധമുള്ള വരാക്കുന്നു | സാധനങ്ങൾ എണ്ണിയെ ടുക്കൽ സംഖ്യാവ്യാഖ്യാനം കാർഡ് കളി ഗണിത കളികൾ | ദീർഘകാലം ജൂലായ് –മാർച്ച് | പി.ടി.എ | 5000 |
| മുഴുവൻ കുട്ടികളും ചതുഷ്ക്രിയകൾ സ്വായത്തമാക്ക യെന്ന് ഉറപ്പുവരു ത്തുന്നു. | ഡൊമിനോകളി ഹോണസ്റ്റി ഷോപ്പ് | ദീർഘകാലം | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 10000 |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. | കവർ നിർമ്മാണം ത്രിമാന മോഡലുക ളുടെ നിർമ്മാണം വിവിധ ജ്യാമി തീയ പാറ്റേണുകൾ | ദീർഘകാലം | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 10000 |
| മെട്രിക് അളവുകളെ കുറിച്ച് കൃത്യമായ പ്രാവീണ്യം നേടു ന്നു. | അളവു പാത്രങ്ങളുടെ ഉപയോഗം നിർമ്മാണം ശേഖരണം പ്രദർശനം സെമിനാർ | ഹ്രസ്വകാലം നവംബർ– മാർച്ച് | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 20000 |
| സമയവുവായി ബന്ധപ്പെട്ടകാര്യത്തെ കുറിച്ച് ധാരണനേ ടുന്നു. | | | | |

## സോഷ്യൽ സയൻസ്

നമ്മുടെ നാടിന്റെ ചരിത്രത്തെയും സംസ്കാരത്തെയും മനസ്സിലാക്കേത് ഒരുസാമൂഹ്യ ശാസ്ത്ര വിദ്യാർത്ഥിക്ക് അത്യാവശ്യമാണ്. ഇത് ചരിത്രാന്വേഷണത്തിന്റെ പഠനത്തിന്റെ വിവിധ മേഖലകളിലേക്ക് കുട്ടിയെ ആവേശപൂർവ്വം കടന്നുചെല്ലാൻ പ്രചോദിപ്പിക്കുക.

### ലക്ഷ്യങ്ങൾ

- പ്രാദേശിക ചരിത്രം മനസ്സിലാക്കുക
- സാമൂഹിക തിന്മകളോട് പ്രതികരിക്കാനുള്ള മനോഭാവം വളർത്തുക.
- സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക. | മോക്ക് പാർലമെന്റ്<br>സാമൂഹ്യപ്രശ്നങ്ങളെ കുറിച്ചുള്ള കളികൾ സംഘടിപ്പിക്കൽ<br>സംവാദം<br>സാമൂഹ്യ വിദഗ്ദരുമായി അഭിമുഖം | 1 വർഷം | പി.ടി.എ<br>എസ്.ആർ.ജി<br>എസ്.എസ്.ജി | 5000 |
| ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **ഡിജിറ്റൽ ആൽബം**<br>**പവർപപോയന്റ് പ്രസന്റേഷൻ** | 1 വർഷം | പി.ടി.എ<br>എസ്.എസ്.ജി | 10000 |
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | **സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ** | **ഹ്രസ്വ കാലം ജൂലായ്** | പി.ടി.എ<br>എസ്.എസ്.ജി | 10000 |
| പ്രാദേശിക ചരിത്രം മനസ്സിലാക്കുക | **നാടിനെ അിറയാൻ യാത്ര**<br>**പ്രദർശനം –അന്നും ഇന്നും**<br>**സെമിനാർ**<br>**പ്രദേശിക വിഭവ ഭൂപടന ിർമ്മാണം**<br>**പ്രാദേശിക കലകൾ–അവതരണം**<br>**കുറിപ്പുതയ്യാറാക്കൽ** | **ഹ്രസ്വ കാലം ജൂലായ്–ജനുവരി** | പി.ടി.എ | 20000 |

**പ്രവർത്തനം 1**
**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.അധ്യാപകർ ഇംഗ്ലീഷിൽസന്ദേശം നൽകൽ.ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 2**
**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

**പ്രവർത്തനം 3**
**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയറ്റർ**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ<br>ഉദാ :- Skit, Conversation,Drama etc | പ്രതിമാസ പരിപാടി | എച്ച്.എം/ ഇംഗ്ലീഷ് അധ്യാപകൻ | 2000/- പി.ടി.എ. |

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ**
**ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam etc. | പ്രതിമാസ പരിപാടി | എച്ച്.എം/ ഇംഗ്ലീഷ് അധ്യാപകൻ | 2000/- (പരസ്യത്തിലൂടെ കണ്ടെത്താം) |

**പ്രവർത്തനത്തിന്റെ പേര്** : **ഇംഗ്ലീഷ് കോർണർ**
**ഉപമേഖല** : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | --- |

**പ്രവർത്തനത്തിന്റെ പേര്** : **പദപ്രശ്ന നിർമ്മാണം**
**ഉപമേഖല** : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കത്തൊൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | --- |

# യുപി അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങ ളിൽ നിന്നും ചുറ്റുപാടുക ളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്: ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് എസ് എം സി | 1000 രൂപ |
| | കണ്ടറിയാനൊരു യാത്ര വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് എസ് എം സി | 500 രൂപ |
| | പരീക്ഷണക്കളരി നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോ ഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് എസ് എം സി | 500 രൂപ |
| | മാസ്റ്റർ മൈന്റ് ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, | | | |

| | | | | |
|---|---|---|---|---|
| 2) ശാസ്ത്ര പ്രക്രിയാ ശേഷി<br>വികസിപ്പിക്കുക, ആധുനിക<br>ശാസ്ത്രോപ കരണങ്ങൾ<br>കൈകാര്യം ചെയ്യാനുള്ള<br>കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്ര ക്ലബ്ബ് ഇവയുടെ<br>ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര<br>ആശയങ്ങളുമായി ബന്ധപ്പെട്ട<br>പ്രൊജക്ടുകൾ തയ്യാറാക്കി<br>റിപ്പോർട്ട് അവത രിപ്പിക്കാനുള്ള<br>അവസരം നൽകുന്നു.<br>എക്സ്പ്ലോ-എക്സ്പോർ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ<br>വിവിധ കണ്ടെത്തലു കൾ<br>അടങ്ങിയ പരീക്ഷണങ്ങൾ<br>ഉൾപ്പെടുത്തി സ്കൂൾ തല<br>ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ,<br>ഊർജ്ജക്ലബ്ബ്,<br>സയൻസ് ക്ലബ്ബ്,<br>എസ് എം സി | |
| | സോപ്പിന്റെ ശാസ്ത്രം<br>സോപ്പ് നിർമ്മാണം<br>നിത്യ ജീവിതത്തിൽ പരിചിതമായ<br>വസ്തുക്കൾ ഉപയോ ഗപ്പെടുത്തി<br>പാഠപുസ്തകത്തിലെ<br>നിർദ്ദേശങ്ങൾക്കനുസരിച്ച് സോപ്പ്<br>നിർമ്മിക്കുന്നു. വിപണനം ചെയ്യ<br>ുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ,<br>ഊർജ്ജക്ലബ്ബ്,<br>സയൻസ് ക്ലബ്ബ്,<br>ഹെൽത്ത് ക്ലബ്ബ്<br>എസ് എം സി | 500 രൂപ |
| സോപ്പ് നിർമ്മാണം | ലാഭിക്കാം ഊർജ്ജം<br>ക്രിയേറ്റീവ് കോർണർ<br>ഉപയോഗപ്പെടുത്തി കുട്ടികൾ<br>എൽ ഇ ഡി ബൾബ് നിർമ്മിക്ക<br>ുന്നു. വിപണനം ചെയ്യുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ,<br>ഊർജ്ജക്ലബ്ബ്,<br>സയൻസ് ക്ലബ്ബ്,<br>എസ് എം സി | 1500 രൂപ |
| എൽ ഇ ഡി ബൾബ്<br>നിർമ്മാണം | | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ,<br>ഊർജ്ജക്ലബ്ബ്,<br>സയൻസ് ക്ലബ്ബ്,<br>എസ് എം സി | |

# ഉച്ചഭക്ഷണ പരിപാടി

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനു വേ വിദ്യാഭ്യാസ അവകാശ നിയമം രാജ്യത്ത് നടപ്പിലാക്കി വരികയാണ്. ഒരു വ്യക്തിയുടെ പ്രാഥമിക ആവശ്യങ്ങളാണ് ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ. പോഷകസമൃദ്ധമായ ആഹാരമുങ്കിലെ ആരോഗ്യം വർദ്ധിക്കൂ. ആരോഗ്യമുള്ള ശരീരമുായാൽ മാത്രമാണ് കുട്ടികൾക്ക് പഠനത്തിൽ ശ്രദ്ധിക്കാൻ കഴിയുക. വിദ്യാലയം അതിനുള്ള ഇടമായി മാറിക്കൊിരിക്കുകയാണ്. വിഭവസമൃദ്ധമായ ഉച്ചഭക്ഷണത്തിനു പുറമെ പാൽ,മുട്ട മുതലായവ കുട്ടികൾക്ക് ലഭ്യമാക്കാനുള്ളതാണ് ഉച്ചഭക്ഷണ പരിപാടി.

## ഉദ്ദേശ്യങ്ങൾ

- ഉച്ചഭക്ഷണത്തിനർഹരായ മുഴുവൻ കുട്ടികളെയും കണ്ടെത്തുക.
- വൃത്തിയുള്ള അന്തരീക്ഷത്തിൽ ഉച്ചഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുക.
- പോഷകസമൃദ്ധമായ ആഹാരം ഉറപ്പുവരുത്തുക.
- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ.
- ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | അടുക്കളയും പരിസരവും കുചിയാക്കൽ | അടുക്കള, പരിസരം, പാത്രങ്ങൾ, കുടിവെള്ള സംവിധാനം എന്നിവ വൃത്തിയാക്കുന്നതോടൊപ്പം കേടുപാടുകൾ ഉള്ളവ നീക്കം ചെയ്യുക. | മെയ് അവസാന വാരം | പാചക തൊഴിലാളി |
| 2 | ഉച്ചഭക്ഷണ കമ്മറ്റി രൂപീകരണം | എസ്.എം.സി ചെയർമാൻ, അധ്യാപകരുടെ 2 പ്രതിനി ധികൾ, രക്ഷിതാക്കളുടെ 2 പ്രതിനിധികൾ, എസ്.സി വിഭാഗത്തിലെ 2 രക്ഷിതാക്കൾ , വാർഡ് മെമ്പർ, രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിക്കുക | ജൂൺ ആദ്യ വാരം | ഹെഡ്മാസ്റ്റർ |
| 3 | കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ | ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ലിസ്റ്റ് കമ്മറ്റി അംഗീകരിച്ച് എ.ഇ.ഒ വിന് സമർപ്പിക്കുന്നു. | ജൂൺ | ഹെഡ്മാസ്റ്റർ |

## *ശുചിത്വ ശീലങ്ങൾ*

ശുചിത്വശീലങ്ങൾ പാലിക്കുക എന്നത് ഒരു ഉത്തമ പൗരന്റെ ധർമ്മമാണ്. നാളത്തെ പൗരന്മാരായിത്തീരേവരാണ് ഇന്നത്തെ കുട്ടികൾ. അതുകൊു തന്നെ നല്ല തലമുറയ്ക്കുവേുന്ന ഗുണങ്ങൾ ബാല്യകാലത്തിൽ തന്നെ പരിശീലിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യേതാണ്. അതുകൊ് സ്കുളുകളിൽ ഇത് വളരെ പ്രാധാന്യത്തോടെ ചെയ്യേ പ്രവർത്തനമാണ്. വ്യക്തി ശുചിത്വം-പരിസര ശുചിത്വം അതിലൂടെ നമ്മുടെ നാടിന്റെ ശുചിത്വം ഉറപ്പാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ' ശുചിത്വം എന്റെ കടമ' എന്ന നമ്മുടെ രാഷ്ട്ര പിതാവിന്റെ ആശയവുമായി ബന്ധപ്പെടുത്തിയിട്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. സമയബന്ധിതമായ നടത്തിപ്പിലൂടെ ഇത് കൈവരിക്കാൻ സാധിക്കും.

## *ലക്ഷ്യങ്ങൾ: -*

- വ്യക്തി ശുചിത്വം പാലിക്കുക.
- വീടും പരിസരവും ശുചിയാക്കി വെക്കുക.
- സ്കൂൾ പരിസരശുചിത്വം പാലിക്കുക.
- മാലിന്യ വിമുക്ത കാമ്പസ്
- ചിട്ടയായ ശുചീകരണ പ്രവർത്തനങ്ങളിലേർപ്പെടുക.

## പ്രവർത്തനങ്ങൾ

- ***തിങ്കളാഴ്ച ഡ്രൈഡേ*** :

ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെ ചിട്ടയായി ചെയ്യേ ഒരു പ്രവർത്തനമാണിത്. സ്കൂളും പരിസരവും നിരീക്ഷിച്ച് വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള ചിരട്ട, പ്ലാസ്റ്റിക്ക് കുപ്പി തുടങ്ങിയവ നീക്കം ചെയ്യുക. സ്കൂൾ പരിസരത്ത് വെള്ളം കെട്ടിനിന്ന് കൊതുക് വരാനുള്ള സാധ്യത തീർത്തും ഒഴിവാക്കുക. 3,4,5,ക്ലാസ്സുകളിലെ കുട്ടികൾ ഈ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നു.

- ***ക്ലാസ്സ് റൂം ക്ലീനിംഗ്***

ക്ലാസ്സ് റൂം ക്ലീനിംഗ് ഗ്രൂപ്പടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നു. ഓരോ ഗ്രൂപ്പിനും ദിവസം ക്രമീകരിച്ച് നൽകുന്നു. എല്ലാ ദിവസവും വൈകുന്നേരം ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- ***വ്യക്തിശുചിത്വ പരിശോധന***

എല്ലാ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ക്ലാസ്സ് തലത്തിൽ വ്യക്തിശുചിത്വ പരിശോധന നടത്തുന്നു. നഖം വെട്ടിയിട്ടുണ്ടോ? കുളിച്ചിട്ടുണ്ടോ? പഠനോപകരണങ്ങൾ ശുചിയാക്കി സൂക്ഷിച്ചിട്ടുണ്ടോ? തുടങ്ങിയവയാണ് പരിശോധിക്കുന്നത്.

- ***ശുചിത്വസേനാ രൂപീകരണം***

സ്കൂൾ കുട്ടികൾ മുഴുവനും ശുചിത്വസേനയിലെ അംഗങ്ങളായിരിക്കും. അഞ്ച് ഗ്രൂപ്പുകളായി തിരിച്ച് ഏഴാം ക്ലാസ്സിലെ കുട്ടികളെ ലീഡറായും ആറാം ക്ലാസിലെ കുട്ടികളെ ഡെപ്യൂട്ടി ലീഡറായും തെരഞ്ഞെടുക്കുന്നു. ഓരോ ഗ്രൂപ്പിലും എല്ലാ ക്ലാസ്സിലെയും കുട്ടികൾ അംഗങ്ങളായിരിക്കും. മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളുടെ നടത്തിപ്പ് സുഗമമാക്കുന്നത് ശുചിത്വസേനാംഗങ്ങളാണ്. ഓരോ ഗ്രൂപ്പിനും ഓരോ ദിവസം എന്ന രീതിയിൽ സമയക്രമം നൽകുന്നു.

- ***മാലിന്യ മുക്ത കാമ്പസ്***

സ്കൂൾ കാമ്പസ് മാലിന്യമുക്തമാക്കുക. കോമ്പൗിൽ പോസ്റ്ററുകൾ പതിപ്പിക്കുന്നു. ക്ലാസ്സുകളിൽ ശുചീകരണത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നു.

# കല–കായികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഗീതം,നൃത്ത വിഷയങ്ങളിൽ പ്രാവീണ്യം നേടൽ സാംസ്കാരിക ഉയർച്ച | 1. 0നൃത്തപരിശീലനം<br>2.0സംഘഗാനം, നാടൻ പാട്ട് പരിശീലനം<br>3. ചിത്രരചന പരിശീലനം<br>4. നാടൻ കലാരൂപങ്ങളുടെ പരിശീലനം | ഒരു വർഷം | അധ്യാപകർ<br>പി.ടി.എ<br>എസ്.എസ്.ജി<br>എം.പി.ടി.എ<br>വിദഗ്ദരുടെ സേവനം | 25000<br>15000<br>10000<br>100000 |
| കായികശേഷി വർദ്ധിപ്പിക്കൽ കായികമൽസരങ്ങളിൽ മികച്ച പ്രകടനം | 1. ഓട്ടം , ചാട്ടം, റിലേ എന്നിവയിൽ പരിശീലനം<br>2. എയറോബിക് പരിശീലനം (പെൺകുട്ടികൾക്ക്) | ഒരു വർഷം | പി.ടി.എ<br>എസ്.എസ്.ജി<br>എം.പി.ടി.എ<br>വിദഗ്ദരുടെ സേവനം | 25000<br>15000 |

# പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവൃത്തിപരിചയ നൈപുണികളിൽ എല്ലാവർക്കും പ്രാവിണ്യം നേടാൻ അവസരം കൊടുക്കുക | **1.** പാഴ്‌വസ്തുക്കളി ന്നുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണം | 1 വർഷം | അധ്യാപകർ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>എസ്.എസ്.ജി | 10000 |
| | **2.** ക്ലേമോഡലിംഗ് പരിശീലനം | | | |
| | **3.** വെജിറ്റബിൾ പ്രിന്റിംഗ് പരിശീലനം | 1 വർഷം | | 10000 |
| | **4.** ഫാബ്രിക് പെയിന്റിംഗ് | 1 വർഷം | | 15000 |
| | **5.** തുന്നൽ | 1 വർഷം | | 15000 |
| | **6.** കൈവേല | 1 വർഷം | | 10000 |
| | **7.** ശില്പശാല സംഘടിപ്പിക്കൽ | ജനുവരി | | 10000 |
| | 8. സ്കൂൾ തലത്തിൽ പ്രവൃത്തിപരിചയ മേള | നവംബർ | | 5000 |

# ഉപസംഹാരം

നമ്മുടെ വിദ്യാലയത്തിന്റെ സമഗ്രമായ പുരോഗതിയും വിദ്യാർത്ഥികളുടെ സർവോന്മുഖമായ വികസനവും ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഇത്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ, അധ്യാപക ശാക്തീകരണം, ഭൗതിക സാഹചര്യങ്ങളുടെ ഉന്നമനം, സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം, രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം തുടങ്ങിയ നിർണായക മേഖലകൾക്ക് ഈ കർമ്മപദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്ന ലക്ഷ്യങ്ങൾ പൂർണ്ണമായി പ്രാവർത്തികമാക്കാൻ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പിടിഎ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവരുടെയും ആത്മാർത്ഥമായ സഹകരണവും കൂട്ടായ പ്രവർത്തനവും അനിവാര്യമാണ്. കേവലം ഒരു രേഖ എന്നതിലുപരി, നമ്മുടെ വിദ്യാലയത്തിന്റെ ശോഭനമായ ഭാവിക്കായുള്ള ഒരു വഴികാട്ടിയായി ഈ മാസ്റ്റർ പ്ലാനിനെ നമുക്ക് കാണാം. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി എല്ലാവരുടെയും പിന്തുണ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. അക്കാദമിക മികവിന്റെ പുതിയ ഉയരങ്ങളിലേക്ക് നമ്മുടെ വിദ്യാലയത്തെ എത്തിക്കാൻ നമുക്കെല്ലാവർക്കും ഒരുമിച്ച്, ഒറ്റക്കെട്ടായി പ്രവർത്തിക്കാം.

## നന്ദി